# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

### <u>പത്രക്കുറിപ്പ്</u>

കാലിക്കറ്റ് സർവ്വകലാശാലക്കു കീഴിലുള്ള പഠനവകുപ്പിലേക്കും അഫിലിയേറ്റഡ് കോളേജുകളിലേക്കും 2020-21 അധ്യയന വർഷത്തെ പി.ജി. ഇംഗ്ലീഷ് പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ സമർപ്പിച്ച, ബിരുദ തലത്തിൽ ഇംഗ്ലീഷ് കോർ വിഷയമായി പഠിച്ചിട്ടില്ലാത്തവർക്കുള്ള പ്രവേശന പരീക്ഷ 06.01.2021 ന് നടത്തുന്നതായിരിക്കും. പ്രവേശന പരീക്ഷക്ക് ഹാജരാകാൻ താല്പര്യമുള്ളവർ നിർബന്ധമായും 23.12.2020 മുതൽ 27.12.2020 വരെ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള കൺഫർമേഷൻ ലിങ്കിൽ ലോഗിൻ ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകാൻ താൽപര്യമുണ്ടെന്നതിനുള്ള കൺഫർമേഷൻ നൽകേണ്ടതാണ്. കൺഫർമേഷൻ നൽകാത്തവരെ പ്രവേശന പരീക്ഷയ്ക്ക് പരിഗണിക്കുന്നതല്ല. 22.12.2020 വരെ ക്യാപ് രജിസ്ട്രേഷൻ പൂർത്തീകരിച്ച (ലേറ്റ് രജിസ്ട്രേഷൻ ഉൾപ്പെടെ) എല്ലാ അപേക്ഷകർക്കും ഓൺലൈൻ കൺഫർമേഷൻ നൽകാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കോവിഡ് സാഹചര്യം അനുസരിച്ച് പ്രവേശന പരീക്ഷയുടെ തീയതിയിൽ മാറ്റം വന്നേക്കാം. പരീക്ഷാ കേന്ദ്രം, സമയം എന്നിവയെകുറിച്ചുള്ള വിവരങ്ങൾ പിന്നീട് ലഭ്യമാക്കുന്നതാണ്.

ഫോൺ : 0494 2407016

**ഡയറക്ടർ**

C.U. Campus
23.12.2020